File No.LSGD-DC2/308/2018-LSGD

"ഭരണഭാഷ–
മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ - മിഠായി തെരുവിന് സമീപം കിഡ്സൺ കോർണറിലും, ഇ.എം.എസ് സ്റ്റേഡിയത്തിന്റെ സമീപത്തും മൾട്ടി ലെവൽ കാർപാർക്കിംഗ് കം കൊമേഴ്സ്യൽ കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതികൾക്ക് ട്രാൻസാക്ഷണൽ അഡ്വൈസറി സർവീസ് (Transactional Advisory Services) നൽകുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ് മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിന് അനുമതി നൽകി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ.(സാധാ) നം.611/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/03/2019

---

പരാമർശം:- 1 കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 19/09/2018-ലെ 1,2 നമ്പർ തീരുമാനങ്ങൾ

2 കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 30/10/2018-ലെ 11,12 നമ്പർ തീരുമാനങ്ങൾ

3 കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 07/11/2018 തീയതിയിലെ ഇജി 12/24501/13 നമ്പർ കത്ത്

<u>ഉത്തരവ്</u>

കോഴിക്കോട് മിഠായി തെരുവിന് സമീപം കിഡ്സൺ കോർണറിലും, ഇ.എം.എസ് സ്റ്റേഡിയത്തിന്റെ സമീപത്തും മൾട്ടി ലെവൽ കാർപാർക്കിംഗ് പ്ലാസ കം കൊമേഴ്സ്യൽ കോംപ്ലക്സ് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷൻ പരാമർശം(1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ട്രാൻസാക്ഷണൽ

അഡ്വൈസറി സർവീസ് (Transactional Advisory Services) നൽകുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി കോർപ്പറേഷൻ ചർച്ച നടത്തുകയും തുടർന്ന് അവർ നൽകിയ പ്രൊപ്പോസൽ പരാമർശം(2) പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തു.

2.മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രൊജക്റ്റുകൾ B.O.T അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് ട്രാൻസാക്ഷണൽ അഡ്വൈസറി സർവീസ് നൽകുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിനുള്ള അനുമതി നല്കണമെന്ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി പരാമർശം (3)കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിലെ മിഠായി തെരുവിന് സമീപം കിഡ്സൺ കോർണറിലും, ഇ.എം.എസ് സ്റ്റേഡിയത്തിന്റെ സമീപത്തും മൾട്ടി ലെവൽ കാർപാർക്കിംഗ് പ്ലാസ കം കൊമേഴ്സ്യൽ കോംപ്ലക്സ് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനായി ട്രാൻസാക്ഷണൽ അഡ്വൈസറി സർവീസ് (Transactional Advisory Services) നൽകുന്നതിന് സെന്റർ ഫോർ മാനേജ്മന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെ, കോഴിക്കോട് കോർപ്പറേഷൻ കൺസൾട്ടൻസി ഫീസ് വഹിക്കാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
സ്പെഷ്യല് സെക്രട്ടറി

മേയർ, കോഴിക്കോട് കോർപ്പറേഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്,തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)

File No.LSGD-DC2/308/2018-LSGD

ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ